
JUVENILIA
juvenilia
2005
ANNUAL MAGAZINE-2005
HOLY CROSS HIGHER SECONDARY SCHOOL,
CHERPUNKAL

ചാന്ദ്നി മോഹൻ
സ്റ്റാൻഡേർഡ് XI B



# പെയ്തൊഴിയാതെ

അവളോർത്തു. താൻ ഇന്ന് ബസ്സ്റ്റോപ്പിൽ വച്ചു കണ്ട ആ മനുഷ്യനെക്കുറിച്ച്...! എന്തൊരു രൂപം! അതോർക്കാൻപോലും വയ്യ. കണ്ടിട്ട് ആദ്യമേ അറപ്പാണ് തോന്നിയത്. പിന്നെ അത് സഹതാപമായി മാറി. തനിക്ക് ആരേയും വെറുക്കാനാവില്ലല്ലോ എന്നും അവൾ ചിന്തിച്ചു.

ഒരു മുഷിഞ്ഞ കോട്ട്. അത് അവിടവിടെ കീറിയിട്ടുണ്ട്. രണ്ടു പഴയ ഷൂസ്. കണ്ടിട്ട് ഭിക്ഷക്കാരനാണെന്നാണ് ആദ്യമേ തോന്നിയത്. പക്ഷേ, അപ്പോഴാണ് മീനു പറഞ്ഞത്, അത്... ഉണ്ണിയേട്ടനാണെന്ന്. ഒരുപാട് മാറിപ്പോയിരുന്നു; ഒരുപാട്...!

ഉണ്ണിയേട്ടൻ - ഒരിക്കൽ താൻ മനസ്സിൽ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. നേരിൽ ഒരിക്കൽപ്പോലും കണ്ടിരുന്നില്ല. മീനുവിന്റെ ഒരു ബന്ധു. ആദ്യമൊക്കെ താൻ അത്രയേ വിചാരിച്ചിരുന്നുള്ളൂ. പിന്നെ എപ്പോൾ അവിടെച്ചെന്നാലും ഗൗരിയേടത്തി ഉണ്ണിയേട്ടനെപ്പറ്റി പറയുമായിരുന്നു. ഒരിക്കൽപ്പോലും അയാളെപ്പറ്റി ആരും ദോഷം പറഞ്ഞ് താൻ കേട്ടിട്ടില്ല.

നന്നായി പാടുമെന്ന് പറഞ്ഞുകേട്ടിരുന്നു. അതിനാൽ ഒരു ആരാധനയും തോന്നാതിരുന്നില്ല. ഒരു ദിവസം മീനുവിന്റെ വീട്ടിൽ താൻ ചെന്നപ്പോൾ അവിടെ ഉണ്ണിയേട്ടന്റെ പാട്ട് റെക്കോർഡ് ചെയ്തുവച്ചിട്ടുണ്ടായിരുന്നു. എത്ര മനോഹരമായ ശബ്ദമായിരുന്നു അത്! ആ പാട്ട്...

- 'ദേവൂ'

ഒരു കൂട്ട സൈറൻ പോലെ! സത്യത്തിൽ താൻ ഞെട്ടി.

തിരിഞ്ഞുനോക്കി. മായയും നന്ദയും സോനയും - എല്ലാവരുമുണ്ട്.

- എന്താണ്? മനോരാജ്യത്തിലാണോ?

- നിങ്ങൾ എന്താ പറയുന്നത്?

- ഒരു ഇല അനങ്ങിയാൽ അറിയുന്ന നീ ഞങ്ങൾ മൂവർസംഘം അടുത്തുവന്നു നിന്നിട്ടും അറിഞ്ഞില്ല എന്ന് പറയുമ്പോൾ...

- അവളെ ഒന്നു വെറുതെയിരിക്കാൻ ഒറ്റയ്ക്കു വിട്ടുകൂടെ?, മീനുവാണ്.

- അടുത്ത അവർ ക്ലാസ്സുള്ളതാ. നീ ക്ലാസ്സിൽ കയറുന്നില്ല എന്നു നിശ്ചയിച്ചോ?

- അതു ഞാനോർത്തില്ല. നമുക്ക് പോകാം.

തല്ക്കാലത്തേക്ക് ചിന്തകൾക്ക് അവധി കൊടുക്കാൻ തന്നെ അവൾ തീരുമാനിച്ചു. അല്ലെങ്കിലും അത് ചിന്തകളായിരുന്നില്ല. മൂടൽമഞ്ഞിനെപ്പോലെ വ്യക്തമല്ലാത്ത, എന്നാൽ സുഖകരമായ എന്തോ ഒന്ന്...! അതിൽ, ഇങ്ങനെ വിഹരിക്കാൻ ഒരു രസമുണ്ടായിരുന്നു.

ഇത്രയൊക്കെയായിട്ടും ഉണ്ണിയേട്ടനെക്കുറിച്ചുള്ള ചിന്ത തന്റെ മനസ്സിൽ നിന്നും മാറിയിട്ടില്ലെന്ന് അവൾക്ക് മനസ്സിലായി. ക്ലാസ്സിൽ ചെന്നിരുന്നിട്ടും മനസ്സു മുഴുവൻ ആ മനുഷ്യനെപ്പറ്റിയുള്ള ചിന്തകളായിരുന്നു.

- ദേവിക?

വിളി കേട്ടപ്പോൾ സത്യത്തിൽ താൻ ഞെട്ടി.



നോക്കിയപ്പോൾ കണ്ടത് കറുത്ത കട്ടിയുള്ള ഫ്രെയിമോടുകൂടിയ കണ്ണട ധരിച്ചുനിൽക്കുന്ന ഫിസിക്സ് പ്രൊഫസ്സറെയാണ്. അവൾ അറിയാതെ എഴുന്നേറ്റുനിന്നു.

- വേർ ഈസ് യുവർ മൈൻഡ്? ഐ തിങ്ക് യൂ ആർ നോട്ട് ഹിയർ. വാട്ട് ഹാപ്പൻഡ് ടു യു?

ഷർട്ട് പതുക്കെ കുടഞ്ഞുകൊണ്ട് അദ്ദേഹം അവളുടെ അടുക്കൽ വന്നുനിന്നു. ക്ലാസ്സിലുള്ള ഒരുപാട് കണ്ണുകൾ തന്റെമേൽ പതിയുന്നത് അവളറിഞ്ഞു, അത് താനിഷ്ടപ്പെട്ടില്ലെങ്കിൽപ്പോലും...!

- നല്ല സുഖം തോന്നുന്നില്ല.

- കുട്ടിയ്ക്കു സുഖമില്ലെങ്കിൽ പുറത്തുപോകാം. ക്ലാസ്സിലിരുന്നിട്ടും കാര്യമില്ല. ശ്രദ്ധിയ്ക്കാൻ കഴിയില്ല.

- ഞാൻ... ഞാൻ ഇരുന്നോളാം, സാർ.

- അതു സാരമില്ല. കുട്ടി പൊയ്ക്കൊള്ളൂ.

ഒരുപക്ഷേ അദ്ദേഹം തന്റെ അപ്പോഴത്തെ മാനസികാവസ്ഥ മനസ്സിലാക്കിയിരിക്കണം.

അങ്ങനെ പുറത്തിറങ്ങി. കൂടെ ഇറങ്ങണമെന്ന് നന്ദയ്ക്കുണ്ടായിരുന്നുവെന്ന് തോന്നി. തണൽമരങ്ങളുടെ ഇടയിലൂടെ നടന്നപ്പോൾ ഒരു തണുത്ത കാറ്റ് അവളെത്തഴുകിക്കടന്നു പോയി. അതിന്റെ ലഹരിയിൽ ഒരു നിമിഷം അവൾ നിശ്ചലയായി നിന്നു. കുറച്ചുനേരം അടുത്തുകണ്ട ബഞ്ചിൽ ഇരുന്നു. അതിൽ നിറയെ ചുവന്ന ഇലകളായിരുന്നു. സന്ധ്യാകാശത്തോളം ചുവന്ന ഇലകൾ! അവ തട്ടിക്കളഞ്ഞുകൊണ്ടായിരുന്നു അവൾ അതിൽ ഇരുന്നത്. സംഗീതത്തെ ഒരു ജീവിതഭാഗമാക്കി മാറ്റിയ ആ മനുഷ്യനെ സ്നേഹിച്ചതിൽ അത്ര വലിയ അദ്ഭുതമില്ലെന്ന് അവൾക്കുതോന്നി. കാരണം താൻ പണ്ടുമുതലേ സംഗീതത്തെ സ്നേഹിച്ചിരുന്നു. ഒരിക്കൽക്കൂടി അയാളെ കണ്ടിരുന്നെങ്കിൽ...

ഒരു അടയ്ക്കാക്കിളി പറന്നുവന്ന് അവളുടെ കാലിനടുത്തായി ഇലക്കൂട്ടത്തിൽ വന്നിരുന്നു, അവളുടെ മനസ്സിലെ രഹസ്യമെന്താണെന്നറിയാനെന്നപോലെ!

അയാളുടെ കൂട്ടുകാരായിരിക്കാം ഒരുപക്ഷേ അയാളുടെ ഇപ്പോഴത്തെ അവസ്ഥയ്ക്കു കാരണം. ഹോസ്റ്റൽ ജീവിതവും എഞ്ചിനീയറിംഗ് കോളേജിലെ പഠനവുമെല്ലാം അയാളെ ഏതു സന്ദർഭത്തിലാണ് തെറ്റായ പാതയിലേയ്ക്ക് നയിച്ചത്? അതിന്റെയെല്ലാം വൃത്തികെട്ട ആചാരങ്ങൾ, റാഗിംങ്, ഒരുപാട് വസ്തുതകൾ അയാളുടെ ഇന്നത്തെ അവസ്ഥയിലേയ്ക്ക് വിരൽചൂണ്ടുന്നുണ്ട്. യഥാർത്ഥ കാരണം മീനുവിനോട് ചോദിക്കാനുള്ള ധൈര്യം അവൾക്കുണ്ടായില്ല എന്നതാണ് സത്യം.

ആരോടെങ്കിലും ഇതെല്ലാം ഒന്നു പറയണമെന്ന് അവൾക്കുണ്ടായിരുന്നു. അല്ലെങ്കിൽ മനസ്സിന് സ്വസ്ഥതയുണ്ടാവില്ല. അങ്ങനെ വിചാരിച്ചുകൊണ്ടു നടന്നു. കാന്റീനിൽ കാത്തുനിൽക്കാം എന്ന് സോന പറഞ്ഞിരുന്നു. കുറച്ച് പ്രായമായ പ്രൊഫസ്സറുടെ കണ്ണുവെട്ടിക്കാൻ അവൾക്കു തീരെ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്തെല്ലാമോ ആലോചിച്ചുകൊണ്ട് നടന്ന് കാന്റീനിലെത്തിയത് അവളറിഞ്ഞിരുന്നില്ല. ലക്ഷ്മിയേച്ചിയുടെ ചോദ്യമാണ് അവളെ ചിന്തകളിൽ നിന്നുണർത്തിയത്.

- മോൾക്ക് ചായ എടുക്കട്ടെ?

ആവി പറക്കുന്ന രണ്ടു കപ്പ് ചായയുമായി തന്റെ മുന്നിൽ നിൽക്കുന്ന ലക്ഷ്മിയേച്ചിയെ അവൾ സൂക്ഷിച്ചു നോക്കി. തന്നെ കണ്ടപ്പോൾ അവരുടെ കണ്ണുകൾ വികസിച്ചത് അവൾ ശ്രദ്ധിക്കാതിരുന്നില്ല. അവ രണ്ടിലും സന്തോഷത്തിന്റേയും വാത്സല്യത്തിന്റേയും അലകൾ സ്പഷ്ടമായിരുന്നു.

- ഞാൻ പറയാം, ഏച്ചി.

അവർ ചിരിച്ചുകൊണ്ട് ശരി എന്നു തലയാട്ടി. താൻ അവിടെ വരുമ്പോഴൊക്കെ ആലോചിയ്ക്കാറുണ്ട്, ആ സ്ത്രീയ്ക്ക് തന്നോട് ഇത്രയധികം സ്നേഹം തോന്നാൻ കാരണമെന്താണെന്ന്! പക്ഷേ, അതിന് ഉത്തരം തനിക്ക് ഇന്നേവരെ കിട്ടിയിട്ടില്ല... ചുറ്റും നോക്കി; സോനയെ നോക്കാനാണ് തന്റെ കണ്ണുകൾ ശ്രമിച്ചത്. അവൾ തന്നെ നോക്കുന്നത് കണ്ടു. അങ്ങോട്ടു നടന്നു.

- തന്നെ ഞാൻ രാവിലെ മുതലേ ശ്രദ്ധിക്കുന്നു. ഇതെന്താ പറ്റിയത്?

- ഏയ്, ഒന്നുമില്ല.

മുഖത്ത് ഒരു പുഞ്ചിരി വരുത്താൻ അവൾ ആവുന്നത്ര ശ്രമിച്ചു.

- ലക്ഷ്മിയേച്ചീ, ഒരു ചായ.

- ഞങ്ങൾക്കും; - നന്ദയും മായയും മീനുവുമുണ്ട്.

അവരുടെ ചോദ്യങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനായി അവൾ ഒരു ചിരി ചിരിച്ചു. ഒരുപക്ഷേ അവർക്കത് മനസ്സിലായിക്കാണില്ല.

- അസുഖം മാറിയോ?

അവളുടെ പാറിപ്പറന്ന തലമുടി ഒതുക്കിയിട്ടുകൊണ്ട് മീനു ചോദിച്ചു.

- അതിന് ഇവൾക്കെന്താ അസുഖം? ആ ഫിസിക്സ് ക്ലാസ്സിൽ ഇരിക്കാതിരിക്കാൻ ഒരു നുണ പറഞ്ഞതല്ലേ? - നന്ദ അതു പറയുമ്പോൾ തന്നെ രക്ഷിച്ചതിന് അവളോട് എത്ര നന്ദി പറഞ്ഞാലും അധികമാവില്ല എന്നു തോന്നി.

അപ്പോഴേയ്ക്കും ലക്ഷ്മിയേച്ചി ചായയുമായെത്തി. അവരുടെ പഴക്കം ചെന്ന ഓട്ടുവള ചില്ലിൽതട്ടി ഒരു പ്രത്യേക ശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു. ചായ കുടിച്ചു കഴിഞ്ഞ് കാന്റീനിൽ നിന്നിറങ്ങി നടന്നു. കൂടെ എല്ലാവരുമുണ്ടായിരുന്നു. നന്ദയെ ഒന്ന് ഒറ്റയ്ക്കു കിട്ടിയിരുന്നെങ്കിൽ എന്നു തോന്നി. എന്തോ ഒരു അനുഗ്രഹംപോലെ മീനുവും മായയും സോനയും കൂടി പ്രിൻസിപ്പലിനെ കാണുവാൻ പോയി.

- ഞങ്ങൾ പോവുകയാണ്.

അവരോട് യാത്ര പറഞ്ഞിറങ്ങിയപ്പോൾ നന്ദയോട് സംസാരിക്കാനുള്ളതിന്റെ ഒരു വ്യക്തമായ രൂപമുണ്ടായിരുന്നു, മനസ്സിൽ. അങ്ങനെ എല്ലാ കാര്യങ്ങളും അവളോട് തുറന്നു പറഞ്ഞു. മനസ്സിന് വല്ലാത്ത ഒരാശ്വാസം തോന്നി. അവളെല്ലാം കേട്ടു, ശ്രദ്ധിച്ചുതന്നെ... എല്ലാം കഴിഞ്ഞ്, അവൾ സംസാരിച്ചു തുടങ്ങി.

- നീ ഇപ്പോഴും ആ മനുഷ്യനെ സ്നേഹിക്കുന്നുണ്ടോ?

- 'ഉം!...' പക്ഷേ ആ ഒരു ശബ്ദത്തിൽ ഒരുപാട് അർത്ഥങ്ങൾ ഒളിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. അവൾ അതു മനസ്സിലാക്കിയോ എന്ന് തനിക്കറിയില്ല.

- നിനക്ക് അയാളെ കാണണോ?

- ഉം, പറ്റുമെങ്കിൽ.

- എന്താ അയാളുടെ പേര്... ഉണ്ണികൃഷ്ണൻ, അല്ലേ?

- അതേ.

ആ പേര് തന്നെ എപ്പോഴും സ്വാധീനിച്ചിരുന്നു. താൻ സ്കൂളിൽ പഠിച്ചിരുന്നപ്പോൾ ഉണ്ണികൃഷ്ണൻ സാർ; ഒരു അച്ഛനെപ്പോലെ, ഏട്ടനെപ്പോലെ! പിന്നീട് പ്ലസ്ടുവിൽ പഠിച്ചിരുന്നപ്പോൾ തന്റെ ഏറ്റവും നല്ല ഒരു സുഹൃത്തായിരുന്നു ഉണ്ണി. അവൻ തന്നെ ഒരുപാട് സ്നേഹിച്ചിരുന്നു. അവൻ തന്നോട് സംസാരിക്കുന്നത് തനിക്കും ഒരാശ്വാസമായിരുന്നു. വീട്ടിലെ ഏകാന്തതയിൽ നിന്നുള്ള ഒരു മോചനമായിരുന്നു, അത്! അതേ പേരാണെങ്കിലും വ്യത്യസ്തനായി ഇതാ മറ്റൊരാൾകൂടി, ഉണ്ണിയേട്ടൻ!

- നമുക്കു പോവാം, അല്ലേ?

നന്ദ അതു ചോദിച്ചത് മനസ്സിൽ എന്തോ നെയ്തുകൂട്ടിയതിനു ശേഷമായിരുന്നു.

- എങ്ങോട്ട്?

- ഉണ്ണിയുടെ അടുത്തേയ്ക്ക്.

നടന്നു. മനസ്സിൽ പ്രാർത്ഥനയും ആകാംക്ഷയും എല്ലാമുണ്ടായിരുന്നു. കാർമേഘങ്ങൾ ഉരുണ്ടുകൂടിത്തുടങ്ങിയിരുന്നു. മഴയായി വീഴാൻ അവ ദാഹിക്കുന്നുണ്ടായിരിക്കണം.

* * *

- മിസ്റ്റർ ഉണ്ണിയല്ലേ?

നന്ദ അതു ചോദിച്ചപ്പോൾ തന്നെ ഇത്രയും മാന്യമായ രീതിയിൽ സംബോധന ചെയ്തത് ആരാണെന്ന് അറിയാനെന്നപോലെ അയാൾ എഴുന്നേറ്റുനിന്നു. പക്ഷേ, ചോദ്യം അയാൾക്ക് വ്യക്തമാവാത്തതുപോലെയായിരുന്നു അയാളുടെ പെരുമാറ്റം. അതിനാൽ തന്നെ നന്ദ ചോദ്യം ആവർത്തിച്ചു.

- അതേ.

- ഞാൻ നന്ദ. മീനാക്ഷിയുടെ കൂട്ടുകാരിയാണ്. ഇത്...

അയാൾ തന്നെ നോക്കി ചിരിച്ചു. ഒരുപാട് നേരം...

- മനസ്സിലായി, ദേവു - ദേവിക. അല്ലേ?

താൻ... തന്നെ അറിയുമെന്നോ?

- മീനു എന്നോട് ഇയാളെപ്പറ്റി പറഞ്ഞിട്ടുണ്ട്. ദേവിക എന്നാണ് പേര്. പക്ഷേ, ദേവു എന്ന് വിളിക്കുന്നതാണ് ഇഷ്ടം.

തന്നെപ്പറ്റി മീനു പറഞ്ഞിട്ടുണ്ടെന്ന് അറിഞ്ഞിരുന്നില്ല. പറഞ്ഞാൽതന്നെയും അവളുടെ ഒരുപാട് കൂട്ടുകാരികളിൽ ഒരാളായി, തന്നെ തള്ളിക്കളഞ്ഞിട്ടില്ല. തെല്ലൊരാശ്വാസം തോന്നി.

- കുട്ടി ഇപ്പോൾ വന്നത് എന്തിനാണെന്നും എനിക്ക് മനസ്സിലായി.

തന്നെ അയാൾ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. സന്തോഷം തോന്നാതിരുന്നില്ല.

- ഞാൻ ഇന്ന് രാവിലെ കണ്ടിരുന്നു. എനിക്കറിയാം കുട്ടി എന്നെ സ്നേഹിക്കുന്നുണ്ടെന്ന്! ഞാനും അങ്ങനെയായിരുന്നു, ഒരു കാലത്ത്...

തന്നെ ഇഷ്ടപ്പെട്ടിരുന്നുവെന്നോ? അതും താനറിയാതെ!

- ഒരു കാലത്ത് ഉണ്ണി എല്ലാവരെയും സ്നേഹിച്ചിരുന്നു. ഉണ്ണിയെ എല്ലാവരും സ്നേഹിച്ചിരുന്നു. പക്ഷേ, ഇന്ന്... ഇന്നൊരിക്കലും എനിക്കാ പഴയ ഉണ്ണിയാകാൻ കഴിയില്ല. ദേവു എന്നോടു ക്ഷമിക്കൂ. മാപ്പ്!

നെറുകയിൽ ഒരു ചെറു മഞ്ഞുതുള്ളിയുടെ കുളിർമ പ്രതീക്ഷിച്ചിരുന്ന അവൾക്ക്... യാന്ത്രികതയിൽ നിശ്ചലയായ അവൾ അറിയാതെപോലും അയാളുടെ കണ്ണുകളിലേയ്ക്കു നോക്കിയില്ല. ഭൂമിയെ തൊട്ടുനിന്ന അവളുടെ നിറകണ്ണുകൾ മെല്ലെയുയർന്നപ്പോഴേയ്ക്കും വേദനകളുടെ മഹാഗോളത്തിലേയ്ക്ക് അയാൾ നടന്നകന്നിരുന്നു; അവളും... തന്റെ ഏകാന്തതയിലേയ്ക്ക്... അപ്പോഴേയ്ക്കും മേഘങ്ങൾ വിടപറഞ്ഞിരുന്നു, പെയ്തൊഴിയാതെ...